പതിനാറാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 301 **22-06-2026-ൽ മറുപടിയ്ക്ക്**

ട്രാഫിക് സിഗ്നലുകളുടെ പരിപാലനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. കെ. സനോജ് ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത പ്രധാന റോഡുകളിലെ ട്രാഫിക് സിഗ്നൽ ലൈറ്റുകളുടെ പരിപാലനത്തിനും അവയുടെ വൈദ്യുതി ചാർജ് വഹിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

മറുപടി: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകളിൽ ഗതാഗത നിയന്ത്രണം ഉൾപ്പെടുന്നില്ല.

എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി രൂപീകരിക്കുന്നുണ്ട്. കേരള പോലീസ് ആക്ട്, 2011-ലെ വകുപ്പ് 72 പ്രകാരമാണ് ഓരോ ഗ്രാമപഞ്ചായത്തിലും, മുനിസിപ്പാലിറ്റിയിലും, മുനിസിപ്പൽ കോർപ്പറേഷനിലും ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി രൂപീകരിക്കുന്നത്.

കമ്മിറ്റിയുടെ ഘടന

അധ്യക്ഷൻ

. ഗ്രാമപഞ്ചായത്ത് - പഞ്ചായത്ത് പ്രസിഡന്റ്

. മുനിസിപ്പാലിറ്റി - ചെയർപേഴ്സൺ

. മുനിസിപ്പൽ കോർപ്പറേഷൻ - മേയർ

അംഗങ്ങൾ

. ജില്ലാ കളക്ടറുടെ നോമിനി

. ജില്ലാ പോലീസ് മേധാവിയുടെ നോമിനി

. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ (RTO) അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനി

. പൊതുമരാമത്ത് വകുപ്പ് (PWD) എക്സിക്യൂട്ടീവ് എഞ്ചിനീയർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനി.

ട്രാഫിക് റെഗുലേറ്ററി കമ്മിറ്റിയുടെ പ്രധാന ചുമതലകൾ

(a) പൊതുസ്ഥലങ്ങളിലെ എല്ലാത്തരം ഗതാഗതത്തിന്റെയും രീതിയും സമയവും നിയന്ത്രിക്കുക,

(b) പൊതു റോഡ് ഉപയോക്താക്കളുടെ ശ്രദ്ധ തിരിക്കുന്നതിനോ അവർക്ക് അപകടമുണ്ടാക്കുന്നതിനോ സാധ്യതയുള്ള രീതിയിൽ ഏതെങ്കിലും വസ്തുവിൽ കാണപ്പെടുന്ന കവാടങ്ങൾ, ഉത്സവങ്ങൾ, ബാനറുകൾ, ഹോർഡിംഗുകൾ, ചിഹ്നങ്ങൾ, പ്രതിനിധാനങ്ങൾ, പ്രകാശിത പ്രദർശനങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾ, വ്യാപാരം, വെൽഡിംഗ്, പരിസ്ഥിതി മലിനീകരണം, ശബ്ദത്താൽ ശല്യപ്പെടുത്തൽ, പാറകൾ പൊട്ടിക്കൽ, ഖനനം, പടക്കം പൊട്ടിക്കൽ, പട്ടം പറത്തൽ, വെടിക്കെട്ട് തുടങ്ങിയവ നിയന്ത്രിക്കുക,

(c) തെരുവുകളിലൂടെയുള്ള തടി, തൂണുകൾ, ഗോവണി , ഇരുമ്പ് ഗൈർഡറുകൾ, ബീമുകൾ, ഇരുമ്പ് ബാറുകൾ, ബോയിലറുകൾ, പുല്ല്, മണ്ണ്, കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ടുള്ള വസ്തുക്കൾ മുതലായവ കൊണ്ടുപോകുന്ന രീതിയും നിയന്ത്രിക്കുക,

(d) റോഡ് ഉപയോക്താക്കൾക്ക് അപകടമുണ്ടാക്കുന്ന ഏതെങ്കിലും സ്ഫോടകവസ്തുക്കളോ അപകടകരമായ രാസവസ്തുക്കളോ പൊതുസ്ഥലങ്ങളിലൂടെ കൊണ്ടുപോകുന്നത് നിയന്ത്രിക്കുക,

(e) ചില തെരുവുകൾ അടയ്ക്കുക അല്ലെങ്കിൽ തകർച്ചയുടെ വക്കിലുള്ള കെട്ടിടങ്ങളിൽ നിന്നോ മറ്റ് കാരണങ്ങളാലോ അപകട സാധ്യതയുള്ള സാഹചര്യങ്ങളിൽ ആരും ചില സ്ഥലങ്ങളിൽ പ്രവേശിക്കരുതെന്ന് നിർദ്ദേശിക്കുക,

(f) തെരുവുകളിൽ നിന്നും പൊതുസ്ഥലങ്ങളിൽ നിന്നും റോഡ് സൈഡിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ കെട്ടിടങ്ങളിലേക്കും സ്ഥലങ്ങളിലേക്കും പ്രവേശിക്കുന്നതിനുള്ള രീതിയും മാർഗങ്ങളും നിയന്ത്രിക്കുക.

(g) സംസ്ഥാനത്തിനോ പോലീസ് വകുപ്പിനോ സാമ്പത്തിക ബാധ്യത വരുത്താതെ പൊതുജനങ്ങൾക്ക് ഗതാഗത മാനേജ്മെന്റിൽ സ്വമേധയാ സഹായിക്കാവുന്ന രീതി നിശ്ചയിക്കുക.

(ബി) പ്രസ്തുത ട്രാഫിക് സിഗ്നൽ ലൈറ്റുകളുടെ വൈദ്യുതി ചാർജ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വഹിക്കാവുന്നതാണോ; ഇതുമായി ബന്ധപ്പെട്ട് ഉത്തരവുകളോ സർക്കുലറുകളോ ഉണ്ടെങ്കിൽ ലഭ്യമാക്കാമോ;

മറുപടി: ട്രാഫിക് ലൈറ്റുകളുടെ വൈദ്യുതി ചാർജ്ജും ചെലവുകളും കൈകാര്യം ചെയ്യുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ ഉൾപ്പെടുന്നില്ല.

(സി) അത്തരത്തിൽ ട്രാഫിക് ലൈറ്റുകളുടെ പരിപാലനവും അവയുടെ വൈദ്യുതി ചാർജ്ജും സംബന്ധിച്ച ചെലവുകളും കൈകാര്യം ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നത് പരിഗണിക്കാമോ?

<u>മറുപടി:</u> ട്രാഫിക് ലൈറ്റുകളുടെ വൈദ്യുതി ചാർജ്ജും ചെലവുകളും കൈകാര്യം ചെയ്യുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ ഉൾപ്പെടുന്നില്ല.

സെക്ഷൻ ഓഫീസർ

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ 22.06.2026 ൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മറുപടി നൽകേണ്ടിയിരുന്ന നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 301 ന് മറുപടി സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണം.

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ "ട്രാഫിക് സിഗ്നലുകളുടെ പരിപാലനം" എന്ന വിഷയത്തിൽ ശ്രീ. വി കെ സനോജ് എം.എൽ.എ. ഉന്നയിച്ചതും 22.06.2026 ൽ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മറുപടി നൽകേണ്ടിയിരുന്നതുമായ നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 301 സംബന്ധിച്ച റിപ്പോർട്ട് പ്രസ്തുത ചോദ്യത്തിന് മറുപടി നൽകേണ്ട ദിവസം കഴിഞ്ഞതിന് ശേഷമാണ് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും ലഭിച്ചത്. ആയതിനാൽ യഥാസമയം മറുപടി നൽകുവാൻ സാധിച്ചില്ല. ഇക്കാര്യത്തിൽ ബോധപൂർവ്വമായ യാതൊരു കാലതാമസവും വരുത്തിയിട്ടില്ലെന്നും അറിയിക്കുന്നു.

കെ എം ഷാജി

MINISTER